## മധുരമായ കുട്ടികളേ- അവിനാശി ജ്ഞാന രത്നങ്ങളുടെ കൊടുക്കൽ-വാങ്ങൽ ചെയ്ത് പരസ്പരം പാലന ചെയ്യൂ, ജ്ഞാനരത്നങ്ങൾ ദാനം ചെയ്ത് കൊണ്ടിരിക്കൂ.

**ചോദ്യം:-** സ്വയം അപാര സന്തോഷത്തിലിരിക്കുന്നതിനുള്ള പുരുഷാർത്ഥമെന്ത്?
**ഉത്തരം:-** സന്തോഷത്തിലിരിക്കുന്നതിന് വിചാര സാഗര മഥനം ചെയ്യൂ. സ്വയത്തോട് സംസാരിക്കാൻ പഠിക്കൂ. കർമ്മകണക്ക് വരുന്നുവെങ്കിൽ സന്തോഷത്തിലിരിക്കുന്നതിന് ചിന്തിക്കൂ- ഇത് പഴയ ചെരിപ്പാണ്, നമ്മൾ 21 ജന്മത്തേക്ക് നിരോഗി ശരീരമുള്ളവരായി മാറിക്കൊണ്ടിരിക്കുന്നു, ജന്മജന്മാന്തരത്തേക്ക് ഈ കർമ്മ കണക്ക് സമാപ്തമായിക്കൊണ്ടിരിക്കുന്നു. രോഗം വിട്ടുമാറുമ്പോൾ, ആപത്ത് അകലുമ്പോൾ സന്തോഷമുണ്ടാകാറുണ്ടല്ലോ. അങ്ങനെയുള്ള ചിന്തനം ചെയ്ത് സന്തോഷത്തിലിരിക്കൂ.

**ഗീതം:-** മാതാ ഓ മാതാ....

**ഓം ശാന്തി.** ഇതാണ് മാതാക്കളുടെ മഹിമ. വന്ദേമാതരം. അല്ലയോ മാതാക്കളേ, നിങ്ങൾ ശിവബാബയുടെ ഭണ്ഡാരയിലൂടെ സർവ്വരെയും പാലിക്കുന്നു. ഏത് പ്രകാരത്തിലുള്ള പാലന? അവിനാശി ജ്ഞാന രത്നങ്ങളുടെ പാലന ചെയ്യുന്നു അഥവാ ജ്ഞാനാമൃതത്തിന്റെ കലശത്തിലൂടെ നിങ്ങൾക്ക് പാലന ലഭിക്കുന്നു. നിങ്ങൾക്ക് ശിവബാബയുടെ ഭണ്ഡാരയിലൂടെ അവിനാശി ജ്ഞാന രത്നങ്ങളുടെ ഖജനാവ് ലഭിക്കുന്നു. വാസ്തവത്തിൽ മഹിമയുള്ളത് ശിവബാബയ്ക്കാണ്. ബാബ ചെയ്യുന്നവനും ചെയ്യിക്കുന്നവനുമാണ്. ജഗദംബയാണ് മാതാവ്. തീർച്ചയായും ഇനിയും മാതാക്കളുണ്ടായിരിക്കും. അതിനാൽ ഈ മഹിമ മാതാക്കളുടേതാണ്. മാതാവ് നമ്മുടെ പാലന ചെയ്യുന്നു. ശിവബാബയുടെ യജ്ഞത്തിൽ വസിക്കുന്നവർ പാലിക്കപ്പെടുന്നു, അവിനാശി ജ്ഞാന രത്നങ്ങളിലൂടെ മാതാക്കളുടെ പാലനയും ഉണ്ടാകുന്നു. ഭൂരിഭാഗവും മാതാക്കളാണ്. വളരെ സഹോദരൻമാരും സഹോദരിമാരെ പാലിക്കുന്നുണ്ട്. രണ്ടു പേരും പരസ്പരം ജ്ഞാനരത്നങ്ങളുടെ കൊടുക്കൽ വാങ്ങൽ ചെയ്ത് പരസ്പരം പാലിക്കുന്നു. സഹോദരി സഹോദര ബന്ധത്തിൽ വളരെ ആത്മീയ സ്നേഹം നിലനില്ക്കുന്നു. ഈ ലോകത്തിൽ പരസ്പരം ശത്രുവായി മാറുന്നുമുണ്ട്. പരസ്പരം വികാരം തന്നെ നല്കുന്നു. ഇവിടെ അവിനാശി ജ്ഞാന രത്നങ്ങളുടെ ഖജനാവാണ് നല്കുന്നത്. നിങ്ങൾ സഹോദരി സഹോദരന്മാരാണ്, ബ്രഹ്മാകുമാർ കുമാരിമാരാണ്. നിങ്ങളുടെ പേര് വളരെ പ്രശസ്തമാണ്. പ്രജാപിതാ ബ്രഹ്മാവിന് തീർച്ചയായും കുമാർ കുമാരിമാരുണ്ടായിരിക്കും. ഇതെല്ലാം ബുദ്ധി കൊണ്ട് മനസ്സിലാക്കേണ്ടതാണ്. ഗീതത്തിൽ മാതാക്കളുടെ മഹിമയാണുള്ളത്. ജഗദംബ സരസ്വതിയുണ്ടെങ്കിൽ തീർച്ചയായും മക്കളുമുണ്ട്. അർത്ഥം പരിവാരമാണ്, ഇതും മനസ്സിലാക്കേണ്ട കാര്യമല്ലേ. പ്രജാപിതാവെന്ന് എഴുതിയിട്ടുണ്ടല്ലോ. ബ്രഹ്മാവിനെ പറയുന്നത് പ്രജാപിതാവെന്നാണ്. അപ്പോൾ തീർച്ചയായും ഏതോ സമയത്ത് ബ്രഹ്മാവിലൂടെ പ്രജകളെ രചിച്ചിട്ടുണ്ടാകും. ബ്രഹ്മാവ് സാകാര സൃഷ്ടിയുടെ പിതാവാണ്. പറയാറുണ്ട്- പ്രജാപിതാ ബ്രഹ്മാവിലൂടെ ബ്രാഹ്മണ കുലത്തെ രചിച്ചു എന്ന്. ആദി സനാതനമാകുന്നത് ആദ്യം ബ്രാഹ്മണരാണ്. വാസ്തവത്തിൽ ആദി സനാതന ദേവി ദേവതാ ധർമ്മമെന്ന് പറയുന്നത് തെറ്റാണ്. അത് സത്യയുഗത്തിലെ ധർമ്മമാണ്. ഈ ആദി സനാതന ബ്രാഹ്മണരുടെ ധർമ്മം പ്രായേണ ലോപിച്ചു. ദേവതാ ധർമ്മത്തേക്കാൾ മുമ്പ് ഈ ബ്രാഹ്മണ ധർമ്മമാണ്, അതിനെ കുടുമിയെന്ന് പറയുന്നു. ഇതിനെ സംഗമയുഗി ആദി സനാതന ബ്രാഹ്മണ ധർമ്മം എന്ന് പറയുന്നു. മനസ്സിലാക്കി കൊടുക്കേണ്ട എത്ര നല്ല രഹസ്യമാണ്.

ബാബ മനസ്സിലാക്കി തന്നു ആദ്യം ആര് വന്നാലും അവർക്ക് ബാബയുടെ പരിചയം നല്കൂ. ഇതാണ് മുഖ്യം. ബ്രാഹ്മണർക്ക് രാജധാനിയേയില്ല. എഴുതിയിട്ടുണ്ട്- സത്യയുഗീ ദേവീ ദേവതാ രാജ്യം നിങ്ങളുടെ ജന്മസിദ്ധ അധികാരമാണ്. ദേവീ ദേവതാ ധർമ്മമുണ്ട്. എന്നാൽ അവരുടെ രാജധാനി എപ്പോൾ എങ്ങനെ ലഭിക്കുന്നു എന്നതും മനസ്സിലാക്കി കൊടുക്കണം. അതിനാൽ തീർച്ചയായും ത്രിമൂർത്തിയുടെ ചിത്രം മുന്നിൽ വെയ്ക്കണം. ഇതിൽ എഴുതിയിട്ടുണ്ട് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി ജന്മസിദ്ധ അധികാരമാണ്. ആരിലൂടെ? അതും എഴുതണം. ഈ ബോർഡുണ്ടാക്കി ഓരോരുത്തരും വീട്ടിൽ വെയ്ക്കണം. ഏതുപോലെ ഗവൺമെന്റിന്റെ ഓഫീസേഴ്സ് ബോർഡ് വെയ്ക്കുന്നില്ലേ. ചിലരുടെയടുത്ത് ബാഡ്ജും ഉണ്ടാകും. എല്ലാവർക്കും അവരവരുടേതായ ചിഹ്നങ്ങളുണ്ട്. നിങ്ങൾക്കും ഉണ്ടായിരിക്കണം. ബാബ നിർദ്ദേശം നല്കുന്നു, പ്രയോഗത്തിൽ കൊണ്ടു വരേണ്ടത് കുട്ടികളുടെ കർത്തവ്യമല്ലേ. അതിനാൽ തീവ്രഗതിയിലുള്ള സേവനവും ചെയ്യണം. ഇത് വളരെ മുഖ്യമായതാണ്. ഡോക്ടർ, ബാരിസ്റ്റർ സർവ്വരുടെയും വീടു

കളിൽ ബോർഡ് വെയ്ക്കാറില്ലേ. നിങ്ങളും ബോർഡ് വെയ്ക്കണം– വന്ന് മനസ്സിലാക്കൂ, ശിവബാബ ബ്രഹ്മാവിലൂടെ സ്വർഗ്ഗത്തിന്റെ സമ്പത്ത് എങ്ങനെ നല്കുന്നുവെന്ന്. അപ്പോൾ മനുഷ്യർക്ക് കാണുമ്പോൾ അത്ഭുതം തോന്നും. മനസ്സിലാക്കാൻ വേണ്ടി ഉള്ളിൽ വരും. ഫ്ളാറ്റിന് വെളിയിലും വെയ്ക്കാം. ജോലിക്കനുസരിച്ച് ബോർഡ് വെയ്ക്കണം. കുട്ടികൾ ഒന്നും ചെയ്യുന്നില്ലായെങ്കിൽ സേവനവും നടക്കുകയില്ല. ഒന്ന് മായയുടെ യുദ്ധം ഉണ്ടാകുന്നു. ബാബയുടെയടുത്തേക്കാണ് പോകുന്നതെന്ന നിശ്ചയമില്ല. 84 ജന്മങ്ങളുടെ പാർട്ട് പൂർത്തിയായി, ഇനി പുതിയ ലോകത്തിൽ സ്വർഗ്ഗത്തിൽ സമ്പത്ത് നേടും. ഇത് ഓർമ്മയുണ്ടായിരിക്കില്ല. ബാബ പറയുന്നു കർമ്മം ചെയ്യുമ്പോഴും സമയം ലഭിക്കുമ്പോൾ ബാബയെ ഓർമ്മിക്കൂ. നമ്മൾ പെരുമ്പറ മുഴക്കുന്നു– ഇത് സർവ്വരുടെയും അന്തിമ ജന്മമാണ്. മൃത്യു ലോകത്തിൽ ഇനി പുനർജന്മം എടുക്കില്ല. നിങ്ങൾക്കും അറിയാം മൃത്യുലോകം ഇപ്പോൾ സമാപ്തമാകുന്നു. ആദ്യം നിർവ്വാണധാമം സ്വീറ്റ് ഹോമിലേക്ക് പോകണം. ഇങ്ങനെ സ്വയത്തോട് സംസാരിക്കണം, ഇതിനെയാണ് വിചാര സാഗര മഥനം എന്നു പറയുന്നത്.

ബാബ പറയുന്നു നിങ്ങൾ കർമ്മയോഗികളാണ്. നിങ്ങൾക്ക് ആമയുടെയത്രയും സാമാന്യ ബോധമില്ലേ? അത് പോലും ശരീരത്തിന് വേണ്ടി പുല്ലെല്ലാം കഴിച്ചതിന് ശേഷം, കർമ്മേന്ദ്രിയങ്ങളെ ഉൾവലിച്ച് ശാന്തമായിട്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾ ബാബയുടെ ഓർമ്മയിലിരിക്കണം. സ്വദർശന ചക്രം കറക്കണം. സ്വയത്തെ മാസ്റ്റർ ബീജരൂപനാണെന്ന് മനസ്സിലാക്കണം. ബീജത്തിൽ വൃക്ഷത്തെ കുറിച്ചുള്ള മുഴുവൻ ജ്ഞാനമുണ്ട്– ഇതിന്റെ ഉത്പത്തി എങ്ങനെയുണ്ടാകുന്നു, പാലന എങ്ങനെ, ഡ്രാമയുടെ 84 ജന്മങ്ങളുടെ ചക്രം എങ്ങനെ കറങ്ങുന്നു. 84 ജന്മങ്ങളെ കുറിച്ച് മനസ്സിലാക്കാനാണ് ചക്രം ഉണ്ടാക്കുന്നത്. ബാബ മനസ്സിലാക്കി തന്നു നിങ്ങൾ 84 ജന്മങ്ങളെടുക്കുന്നു. ആദിസനാതന ദേവീ ദേവതാ ധർമ്മത്തിലുള്ളവർ അർത്ഥം ബ്രാഹ്മണരിൽ നിന്നും ദേവതയാകുന്നവർ തന്നെയാണ് 84 ജന്മങ്ങളെടുക്കുന്നത്. നിങ്ങൾ 84 ജന്മങ്ങളെ മനസ്സിലാക്കുന്നുണ്ട്. ബ്രഹ്മാവിന്റെ പകൽ ബ്രഹ്മാവിന്റെ രാത്രി എന്ന് പറയുന്നു, ഇതിൽ 84 ജന്മങ്ങൾ വരുന്നു. അതിനാൽ ത്രിമൂർത്തിയുടെ ബോർഡുണ്ടാക്കി എഴുതണം– ഇത് ഈശ്വരീയ ജന്മസിദ്ധ അധികാരമാണ്. വേണമെങ്കിൽ വന്ന് നേടൂ. ഇപ്പോഴില്ലായെങ്കിൽ പിന്നീടൊരിക്കലുമില്ല. ഈ മഹാഭാരതയുദ്ധത്തിന് മുമ്പേ പുരുഷാർത്ഥം ചെയ്യണം. ഈ ബോർഡുണ്ടാക്കാൻ വളരെ സഹജമാണ്. ത്രിമൂർത്തിയുടെ വെയ്ക്കാം അല്ലെങ്കിൽ ശിവന്റേത് വയ്ക്കാം. പരമപിതാ പരമാത്മാ ശിവന്റെ പേരുണ്ട്. ബാബ ഗീതയുടെ ഭഗവാനാണ്. ഗീതയിലുള്ളത് രാജയോഗത്തിന്റെ കാര്യങ്ങളാണ്. അതിനാലാണ് നമ്മൾ എഴുതുന്നത്– ദൈവീക സ്വരാജ്യം ഈശ്വരീയ ജന്മസിദ്ധ അധികാരമാണ് എന്ന്. ഇതാണ് ശിവബാബ, ഇത് പ്രജാപിതാ ബ്രഹ്മാവും, ഇദ്ദേഹത്തിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. സ്വർഗ്ഗത്തിൽ രാജാ റാണിയായി തീരുന്നു. രാമൻ എന്ത് നല്കുന്നു, രാവണൻ എന്ത് നല്കുന്നു– ഇത് നിങ്ങൾക്കറിയാം. അരകല്പം രാമരാജ്യം, അര കല്പം രാവണരാജ്യം. പരമാത്മാവ് തന്നെ സുഖ ദുഃഖം നല്കുന്നുവെന്ന് പറയാനാകില്ല, ദുഃഖം നല്കുന്നത് 5 വികാരങ്ങളാകുന്ന രാവണനാണ്, അത് നമ്മെ വികാരിയാക്കി മാറ്റുന്നു. സത്യയുഗം ശിവാലയമാണ്. കുട്ടികൾക്ക് വ്യത്യസ്ഥമായ അറിവാണ് ദിവസേന ലഭിക്കുന്നത്. അതിനാൽ സന്തോഷത്തിലിരിക്കണ്ടേ. നിങ്ങൾക്കറിയാം ശിവബാബയാണ് പഠിപ്പിക്കുന്നത്. സാകാരത്തെ ഓർമ്മിക്കേണ്ടതില്ല. ശിവബാബ നമ്മെ ബ്രഹ്മാവിലൂടെ സഹജരാജയോഗം പഠിപ്പിക്കുന്നു. ശിവബാബ വരുന്നത് പ്രജാപിതാ ബ്രഹ്മാവിലാണ്. പ്രജാപിതാ ബ്രഹ്മാവെന്ന് മറ്റാരെയും പറയാനാകില്ല. തീർച്ചയായും ബ്രാഹ്മണരും വേണം.

ബാബ വന്ന് സത്യം കേൾപ്പിക്കുന്നു. പാടാറുണ്ട് സെക്കന്റിൽ രാജ്യ ഭാഗ്യം എന്ന്. കുട്ടികൾ പറയുന്നു നമ്മൾ ശിവബാബയുടെ മക്കളാണ് എന്ന്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. അതിനാൽ തീർച്ചയായും നമുക്ക് സ്വർഗ്ഗത്തിന്റെ രാജ്യ പദവിയല്ലാതെ മറ്റെന്ത് നല്കും? ബാബ എത്ര വിചിത്രമാണ്. ഒരു സെക്കന്റിൽ ജനകന് ജീവൻമുക്തി ലഭിച്ചു എന്ന് പറയാറുണ്ട്. നിങ്ങൾക്കറിയാം നമ്മൾ ശിവബാബയുടേതായി. തീർച്ചയായും ശിവബാബയെ ഓർമ്മിക്കണം. ബാബയുടേതായിയെങ്കിൽ, സ്വർഗ്ഗത്തിന്റെ സമ്പത്ത് നല്കുന്ന ബാബയെയും സമ്പത്തിനെയും ഓർമ്മിക്കണം. കുട്ടി ദത്തെടുക്കപ്പെടുമ്പോൾ മനസ്സിലാക്കുന്നു ഞാൻ ആദ്യം ഇന്നവരുടെ കുട്ടിയായിരുന്നു, ഇപ്പോൾ ഇന്നയാളുടേതാണ് എന്ന്. അവരിൽ നിന്നും മനസ്സകന്ന് ഇവരിലേക്ക് പോകുന്നു. ഇവിടെയും നിങ്ങൾ പറയുന്നു നമ്മൾ ശിവബാബയുടെ ദത്തെടുക്കപ്പെട്ടിട്ടുള്ള കുട്ടികളാണ്. ഇനി ആ അച്ഛനെ ഓർമ്മിക്കുന്നതിലൂടെ നേട്ടമെന്താണ്. ഇത്രയും സമ്പത്ത് നല്കുന്ന ഏറ്റവും പ്രിയപ്പെട്ടത് ബാബയാണ്. ബാബ തന്നെയാണ് പരിശ്രമിച്ച് കുട്ടികളെ യോഗ്യരാക്കുന്നത്. ഇങ്ങനെയുള്ള ബാബയെ നിങ്ങൾ അടിക്കടി മറന്നു പോകുന്നു, ദുഃഖം നല്കുന്ന സർവ്വരെയും നിങ്ങൾ ഓർമ്മിക്കുന്നു, എന്നെ നിങ്ങൾ മറന്നു പോകുന്നു. വീട്ടിൽ തന്നെ വസിച്ചോളൂ എന്നാൽ ബാബയെ ഓർമ്മിക്കൂ. ഇതിൽ പരിശ്രമം വേണം, എങ്കിലേ പാപം ഭസ്മമാകൂ. ഇത് മുഴുവനും ശ്മശാനമാകണം. എന്റെ കുട്ടിയായി അർത്ഥം വിശ്വത്തിന്റെ അധികാരിയായി. നിങ്ങൾക്കറിയാം ബാബയുടേതായി, ഇതി തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയായി തീരും. സന്തോഷത്തിന്റെ ലഹരി വർദ്ധിക്കണം. ഇത് പഴയ ശരീരമാണെന്ന്

അറിയാം. കർമ്മ കണക്ക് അനുഭവിക്കണം. ബാബയും മമ്മയും സന്തോഷത്തോടെ കർമ്മകണക്ക് അനുഭവിക്കുന്നു. ഇനി ഭാവിയിൽ 21 ജന്മം എത്രയോ സുഖം ലഭിക്കുന്നു. ഇത് പഴയ ചെരിപ്പാണ്, ഇപ്പോൾ കർമ്മ കണക്കനുഭവിച്ചുകൊണ്ടിരിക്കും, പിന്നീട് 21 ജന്മം ഇതിൽ നിന്നും മുക്തമാകാം. രോഗത്തിൽ നിന്നും മുക്തമാകുമ്പോൾ സന്തോഷമാകാറില്ലേ. ആപത്ത് വന്നു, പിന്നെ അത് അകലുമ്പോഴും സന്തോഷിക്കാറുണ്ട്. നിങ്ങൾക്കും അറിയാം ഇപ്പോൾ ജന്മ ജന്മാന്തരത്തെ ആപത്താണ് വന്നു കൊണ്ടിരിക്കുന്നത്. ഇപ്പോൾ നമ്മൾ ബാബയുടെയടുത്തേക്കാണ് പോകുന്നത്. വിചാര സാഗര മഥനം ചെയ്യുന്നതിനുള്ള പോയിന്റുകൾ കണ്ടെത്തണം. ബാബ നിർദ്ദേശം നല്കുന്നു. ഇങ്ങനെ ഇങ്ങനെ സ്വയത്തോട് സംസാരിക്കൂ. നമ്മൾ 84 ജന്മങ്ങളുടെ പാർട്ട് പൂർത്തിയാക്കി, ഇപ്പോൾ ബാബയുടെയടുത്തേക്ക് പോകുന്നു. പിന്നെ ബാബയിൽ നിന്ന് സമ്പത്ത് നേടും. സാക്ഷാത്ക്കാരവും ചെയ്യുന്നുണ്ട്. ഇത് പരോക്ഷമായും പ്രത്യക്ഷമായും ഉണ്ട്. മമ്മയ്ക്ക് യാതൊരു സാക്ഷാത്ക്കാരവും ഉണ്ടായിട്ടില്ല. ബാബയ്ക്ക് വിനാശത്തിന്റെയും സ്ഥാപനയുടെയും സാക്ഷാത്ക്കാരമുണ്ടായി, ഭാവിയെ കുറിച്ചുള്ള കൃത്യമായ സാക്ഷാത്ക്കാരമുണ്ടായി. ഞാൻ തന്നെ വിഷ്ണുവായി തീരും എന്ന് ആദ്യം മനസ്സിലായില്ല, പിന്നീടാണ് മനസ്സിലായത്. ഈ വികാരി ഗൃഹസ്ഥ ധർമ്മത്തിൽ നിന്ന് ഇപ്പോൾ നിർവ്വികാരി ഗൃഹസ്ഥ ധർമ്മത്തിലേക്ക് പോകുന്നു, തതത്വം. നിങ്ങളും ബാബയുടെ പഠിത്തത്തിലൂടെ ഇതുപോലെയാകുന്നു. മത്സരിക്കണം. ബാക്കി ഗീതത്തിൽ മമ്മാ ബാബയുടെ മഹിമയുണ്ട്. അതിനാൽ നിങ്ങൾ മനസ്സിലാക്കി ആരെയാണ് ജഗദംബയെന്ന് പറയുന്നത് എന്ന്. വാസ്തവത്തിൽ മാതാ പിതാവാരാണ്? നിരാകാരൻ ബുദ്ധിയിലുണ്ട്. പിതാവ് ഗോഡ്ഫാദറാണ്. ബാബ നിരാകാരനാണ്. മാതാവിന് നിരാകാരിയാകാൻ സാധിക്കില്ല. ഫാദർ നിരാകാരിയാണ്, തീർച്ചയായും സമ്പത്ത് നല്കും. തന്റെ പരിചയം നല്കുന്നതിന് ഇവിടെ വരേണ്ടിയിരിക്കുന്നു. അപ്പോൾ മാതാ പിതാവാകേണ്ടി വരുന്നു. അതിനാൽ ഇദ്ദേഹം വലിയ മാതാവായില്ലേ. മുത്തച്ഛൻ നിരാകാരനാണ്. എത്ര വിചിത്രമായ കാര്യങ്ങളാണ്. ആർക്കും മുത്തശ്ശിയാകാൻ സാധിക്കില്ല. ഈ ബ്രഹ്മാവ് പുരുഷനല്ലേ കാരണം മുഖവംശാവലിയാണ്. ബാബ പറയുന്നു എത്രയോ ഗുഹ്യ രഹസ്യങ്ങളാണ് മനസ്സിലാക്കി തരുന്നത്. മാതാ പിതാവ് ആരാണ് എന്ന് ആരുടെയും ബുദ്ധിയിലിരിക്കുന്നില്ല. അവർ കൃഷ്ണനാണെന്നാണ് മനസ്സിലാക്കുന്നത്. കേവലം ഈ വ്യത്യാസമാണ് പറ്റിയത്, ഇതാണ് പ്രധാന തെറ്റ്. എന്തെങ്കിലും കാരണം ഉണ്ടായിരിക്കുമല്ലോ. ഭാരതം ഇത്രയും ദുഃഖിയാകാനുള്ള കാരണമെന്ത്. ഇപ്പോൾ നിങ്ങൾക്കറിയാം ആരാണ് തെറ്റ് ചെയ്യിച്ചത്, ഏത് കാരണം കൊണ്ട് മറന്നുവെന്ന്. മായാ രാവണൻ മുഖം തിരിച്ചു. ബാബ ചെയ്യുന്നവനും ചെയ്യിക്കുന്നവനുമാണ്, അതുപോലെ മായയും ചെയ്യുന്നവനും ചെയ്യിക്കുന്നവനുമാണ്. ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ ബാബ സുഖദാതാവാണ്, മായ ദുഃഖദാതാവും. ബാബയിൽ നിന്നും മുഖം തിരിപ്പിക്കുന്നു. ഇപ്പോൾ ബാബ സ്വയം പറയുന്നു– അല്ലയോ ആത്മാക്കളെ, നിരന്തരം എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങളുടെ വികർമ്മം ഭസ്മമാകും. ബ്രഹ്മാവിലൂടെ പരിധിയില്ലാത്ത ബാബയിൽ നിന്നും നിർദ്ദേശം ലഭിക്കുന്നു, ബ്രഹ്മാവായ ഗുരു വളരെ പ്രശസ്തമാണ്. അവർ പറയുന്നു– ഈശ്വരൻ സർവ്വവ്യാപിയാണ്, അനന്തമാണ്. നേരത്തെ നമ്മളും ഇതെല്ലാം ശരിയാണെന്ന് മനസ്സിലാക്കിയിരുന്നു. ഇപ്പോൾ മനസ്സിലാക്കി ഇതെല്ലാം മായാ രാവണനാണ് പറയിപ്പിച്ചതെന്ന്. ഒരു ഭാഗത്ത് പറയുന്നു നാമ രൂപത്തിൽ നിന്നും വേറിട്ടതാണെന്ന്, പിന്നെ പറയുന്നു സർവ്വവ്യാപിയാണെന്ന്. രണ്ട് കാര്യങ്ങൾ ഒരുമിച്ചുണ്ടാകില്ല. ഗുരുവെന്ത് പറഞ്ഞുവൊ അത് അംഗീകരിച്ചു. മായ തെറ്റ് ചെയ്യിക്കുന്നു, വീഴ്ത്തുന്നു, പിന്നീട് ബാബ തെറ്റ് ചെയ്യാത്തവരാക്കി മാറ്റുന്നു, ഉയർത്തുന്നു. ബാബ വളരെ നന്നായി പുരുഷാർത്ഥം ചെയ്യിക്കുന്നു, തന്റെ ഭാഗ്യത്തെയും ഉണ്ടാക്കണം. ബാബയെ ഓർമ്മിക്കണം. ഇത് സഹജമാണ്. കന്യക വിവാഹം വരുമ്പോൾ അതിനു പിറകെ തന്നെ മുഴുകുന്നു. അതുപോലെ ഇപ്പോൾ നിങ്ങളുടെ വിവാഹം ശിവബാബയുമായാണ്, അതിനാൽ ബാബയിൽ മുഴുകണം. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങളുടെ ആത്മാവ് പവിത്രമായാലേ എന്റെ കൂടെ വരാൻ സാധിക്കൂ. ഞാൻ നിങ്ങളെ കൺപീലികളിലിരുത്തി കൊണ്ടു പോകും. കേവലം എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ ഞാൻ ഗ്യാരന്റി നല്കുന്നു ഞാൻ നിങ്ങളെ പാപങ്ങളിൽ നിന്നും മുക്തമാക്കാം. ലക്ഷ്യമില്ലാതെ എങ്ങനെ പുരുഷാർത്ഥം ചെയ്യും. ഇവിടെ അന്ധവിശ്വാസത്തിന്റെ കാര്യമേയില്ല. ഇത് ശിവബാബയുടെ കോളേജാണ്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. അമരലോകത്തേക്ക് വേണ്ടി പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇത് മൃത്യുലോകമാണ്. മൃത്യുലോകം സമാപ്തമാകും, സത്യയുഗം വരും. ഈ ചക്രം കറങ്ങികൊണ്ടേയിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) ആമയെ പോലെ സർവ്വ കർമ്മേന്ദ്രിയങ്ങളെയും ഉൾവലിച്ച് ബാബയെയും സമ്പത്തിനെയും ഓർമ്മിക്കണം. കർമ്മയോഗിയാകണം. സ്വയത്തോട് സംസാരിക്കണം.

2) ജ്ഞാനരത്നങ്ങളുടെ കൊടുക്കൽ വാങ്ങൽ ചെയ്ത് പരസ്പരം പാലിക്കണം. സർവ്വരോടും ആത്മീയ സ്നേഹം വെയ്ക്കണം.

## വരദാനം:- ഹൃദയത്തിന്റെ സത്യമായ സംബന്ധത്തിലൂടെ യഥാർത്ഥ സാധന ചെയ്യുന്ന നിരന്തര യോഗിയായി ഭവിക്കൂ

സാധനാ അർത്ഥം ശക്തിശാലിയായ ഓർമ്മ. ബാബയോടൊപ്പം ഹൃദയത്തിന്റെ സത്യമായ സംബന്ധം. ഏതുപോലെയാണോ യോഗത്തിൽ ശരീരം കൊണ്ട് ഏകാഗ്രമായി ഇരിക്കുന്നത് അതുപോലെ ഹൃദയം, മനസ്സ്-ബുദ്ധി എല്ലാം ഒരു ബാബയിലേക്ക്, ബാബയോടൊപ്പം-ഒപ്പം ഇരിക്കണം - ഇതാണ് യഥാർത്ഥ സാധനാ. അഥവാ ഇങ്ങനെയുള്ള സാധന ഇല്ലെങ്കിൽ പിന്നീട് ആരാധനയാകും നടക്കുന്നത്. ഇടക്ക് ഓർമ്മിക്കും ഇടക്ക് പരാതി പറയും. വാസ്തവത്തിൽ ഓർമ്മയിൽ പരാതിയുടെ ആവശ്യകതയില്ല, ആർക്കാണോ ഹൃദയം കൊണ്ട് ബാബയോടൊപ്പം സംബന്ധമുള്ളത് അവർ നിരന്തര യോഗിയായി തീരുന്നു.

## സ്ലോഗൻ:- “ചെയ്യിപ്പിക്കുന്നത് ബാബയാണ് ” - ഈ സ്മൃതിയിലൂടെ നിശ്ചിന്ത ചക്രവർത്തിയായി പറക്കുന്ന കലയുടെ അനുഭവം ചെയ്തുകൊണ്ടേ പോകൂ.